**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4249** — **17.05.2017-ൽ മറുപടിക്ക്**

## ഇരിക്കൂർ കുഞ്ഞാമിന കൊലക്കേസ് അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.സി.ജോസഫ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കഴിഞ്ഞ അസംബ്ലി ഇലക്ഷൻ സമയത്ത് ഇരിക്കൂർ സിദ്ധിക് നഗറിലെ കുഞ്ഞാമിന എന്ന സ്ത്രീയെ കൊലപ്പെടുത്തിയ സംഭവത്തിൽ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | ഇത് സംബന്ധിച്ച് ഇരിക്കൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 372/2016 u/s. 397, 302 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സ് മട്ടന്നൂർ പോലീസ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു. നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. ടി കേസ്സിലെ പ്രതികൾ എന്ന് സംശയിക്കുന്നവർ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ വിവിധ പേരുകളിൽ മാറി മാറി താമസിക്കുന്നതായി വെളിവായിട്ടുണ്ട്. പ്രതികളെ കണ്ടെത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്കും LOC തയ്യാറാക്കി അയച്ചിട്ടുണ്ട്. പ്രതികളെന്ന് സംശയിക്കുന്നവരുടെ ഫോട്ടോ സാമൂഹ്യ ദൃശ്യമാദ്ധ്യമങ്ങളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഒരു വർഷമായിട്ടും ഈ കേസിലെ യഥാർത്ഥ പ്രതികളെ കണ്ടെത്തുന്നതിന് ലോക്കൽ പോലീസിന് സാധിക്കാത്ത സാഹചര്യത്തിൽ കേസ് അന്വേഷണം സി. ബി. ഐ. യെ ഏൽപ്പിക്കാൻ തയ്യാറാകുമോ; | (ബി) | കേസ്സ് സി.ബി.ഐ.യെ ഏൽപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ഈ ആവശ്യം ഉന്നയിച്ച് കഴിഞ്ഞ ദിവസം ഇരിക്കൂർ പഞ്ചായത്തിൽ നടത്തിയ ഹർത്താൽ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ഡി) | സംഭവത്തിലെ പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത പരിശ്രമങ്ങൾ പോലീസിന്റെ ഭാഗത്ത് നിന്നും നടത്തിവന്നിട്ടുള്ളതാണ്. ഇതിനായി ജില്ലാ പോലീസ് മേധാവിയുടെ സ്ക്വാഡിലെ അംഗങ്ങളെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. ടി അന്വേഷണസംഘം പ്രതികളെ കണ്ടെത്തുന്നതിനുള്ള ശ്രമം തുടർന്ന് വരുന്നു. |

Deepa R

**സെക്ഷൻ ഓഫീസർ**